**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1820** **29-07-2021 - ൽ മറുപടിയ്ക്ക്**

**ഭാഗ്യക്കുറി വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതിയേതര വരുമാനത്തിന്റെ എൺപത് ശതമാനത്തോളം നൽകുന്ന ഭാഗ്യക്കുറി വില്പന കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) | ബാധിച്ചിട്ടുണ്ട്. കോവിഡ് - 19 ന്റെ ഒന്നാം ഘട്ട വ്യാപനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 160 ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ഇത് വകുപ്പിന് ഏറെ സാമ്പത്തിക പ്രത്യാഘാതം സൃഷ്ടിച്ചിരുന്നു. തുടർന്നുണ്ടായ രണ്ടാം വ്യാപനം നിമിത്തം നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെ 71 ഭാഗ്യക്കുറി നറുക്കെടുപ്പുകൾ റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. നികുതിയേതര വരുമാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം നികുതിയേതര വരുമാനം 2019-20 9972.09 2020-21 4910.83 2021-2022 (ജൂൺ മാസം 30 വരെ) 701.92 2019-20 സാമ്പത്തിക വർഷത്തിൽ നികുതിയേതര വരുമാനത്തെ അടിസ്ഥാന പ്പെടുത്തിയാൽ കോവിഡ് മഹാമാരി മൂലം പ്രതീക്ഷിത വരുമാനത്തിൽ 2020-21 സാമ്പത്തിക വർഷം ഏകദേശം 5000 കോടി രൂപയുടെ കുറവും നടപ്പ് സാമ്പത്തിക വർഷത്തിൽ ജൂൺ മാസം 30 വരെ ഏകദേശം 1795.73 കോടി രൂപയുടെ കുറവും വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ